കാലേന സ്നാനശൗചാഭ്യാം സംസ്കാരൈസ്തപസേജ്യയാ
ശുദ്ധ്യന്തി ദാനൈ: സന്തുഷ്ട്യാ ദ്രവ്യാണ്യാത്മാത്മാffവിദ്യയാ **(10-5-4)**
അഹോ തേ ദേവകീപുത്രാ: കംസേന ബഹവോ ഹതാ:
ഏകാവശിഷ്ടാവരജാ കന്യാ സാപി ദിവം ഗതാ **(10-5-29)**
നൂനം ഹ്യദൃഷ്ടനിഷ്ഠോƒയമദൃഷ്ട പരമോ ജന:
അദൃഷ്ടമാത്മനസ്തത്ത്വം യോ വേദ ന സ മുഹ്യതി **(10-5-30)**

*ശുകമുനി തുടർന്നു:*
തനിക്കൊരു മകൻ പിറന്നിരിക്കുന്നതിൻെറ സന്തോഷം നന്ദഗോപൻ തൻെറ ബന്ധുമിത്രാദികളുമായി പങ്കുവച്ചു. പുരോഹിതൻമാരുടെ സഹായത്തോടെ മകൻെറ ജൻമകർമ്മങ്ങളെല്ലാം നിർവ്വഹിച്ചു. ആ സമയത്ത് ബഹുമാന്യരായവർക്കും ബ്രാഹ്മണർക്കും ധാരാളം സമ്മാനങ്ങൾ നൽകി. ദ്രവ്യങ്ങൾ കാലക്രമം കൊണ്ടും കുളി ശുദ്ധീകരണം ധർമ്മയാഗങ്ങൾ തപശ്ചര്യകൾ എന്നിവ കൊണ്ടും സമ്മാനങ്ങൾ സംതൃപ്തികൊണ്ടും പരിശുദ്ധമാവുന്നു. എന്നാൽ ആത്മശുദ്ധിയുണ്ടാവാൻ ആത്മജ്ഞാനം കൂടിയേ കഴിയൂ. നാടുമുഴുവൻ സന്തോഷത്തിലാണ്ടു. എങ്ങും ഉത്സവഛായ പരന്നു. ഗോപൻമാരും ഗോപികമാരും പുതുവസ്ത്രങ്ങളണിഞ്ഞ് അലങ്കാരങ്ങളോടെ അവരുടെ ഹൃദയങ്ങളിലെ ഉല്ലാസം പ്രകടമാക്കി. എല്ലാ വീട്ടിലും അവിടുത്തെ ഓരോ പുരുഷനും സ്ത്രീക്കും കുട്ടിക്കും തങ്ങളുടെ ഏറ്റവും വലിയ ആഗ്രഹം സാധിച്ചതു പോലെയായിരുന്നു ആ നാട്ടിലെ ജനങ്ങളുടെ ഭാവം. എല്ലാവരും പരസ്പരം സുവിശേഷം അറിയിച്ചു. എല്ലാവരും തങ്ങളുടെ ഗോത്രത്തലവനായ നന്ദൻെറ വീട്ടിലേക്ക് ചെന്നു. അവർ ഒറ്റയ്ക്കും കൂട്ടായും ശിശുവിനു വേണ്ടി പ്രാർത്ഥിച്ചു. സ്ത്രീകൾ പ്രാർത്ഥനകളിൽ ഏർപ്പെട്ടപ്പോൾ പുരുഷൻമാർ പലേവിധ കളികളിലും തമാശകളിലും ഏർപ്പെട്ടു. തൈരും വെണ്ണയും പരസ്പരം വാരിത്തേച്ച് ചിലർ അവയിൽത്തെറ്റി മറിഞ്ഞ് വീണു. വസുദേവൻെറ ഭാര്യയായ രോഹിണി നന്ദനാൽ ബഹുമാനിതയായി അവിടെയെല്ലാം ഓടി നടന്നു. വൃന്ദാവനത്തിൽ മഹാലക്ഷ്മി ഭാഗ്യലക്ഷ്മിയായി വിരാജിച്ചു. ഭഗവാൻ സ്വയം അവിടെ അവതരിച്ചുവല്ലോ.

കംസനുള്ള കരമടയ്ക്കാൻ നന്ദന് മഥുരക്ക് പോകണമായിരുന്നു. മകൻെറ സുരക്ഷയെപ്പറ്റി ഓർത്ത് നന്ദൻ വ്യാകുലനായിരുന്നു. നാട്ടുകാരേയും നാടിനേയും പരിപാലിക്കാൻ മറ്റു ഗോപൻമാരെ ഏൽപ്പിച്ച് ഹൃദയ ഭാരത്തോടെ നന്ദൻ യാത്രയായി. നന്ദൻെറ മഥുരായാത്രയെപ്പറ്റി അറിഞ്ഞ വസുദേവൻ നന്ദൻെറ ഔദ്യോഗിക കർമ്മങ്ങൾക്ക് ശേഷം അദ്ദേഹത്തെ സന്ദർശിച്ചു. പരസ്പരം ആലിംഗനം ചെയ്ത് ഉപചാരം കൈമാറിയ ശേഷം വസുദേവൻ നന്ദനോട് ചോദിച്ചു. “അങ്ങേക്ക് ഒരു പുത്രനുണ്ടായ വാർത്ത കേട്ട് ഞാൻ വളരെയധികം സന്തോഷിക്കുന്നു. ഗോകുലത്തിലെ ജനങ്ങൾക്ക് ഐശ്വര്യമാണെന്നും അവർ സന്തുഷ്ടരുമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഗോക്കൾ ആരോഗ്യമുള്ളവയാണെന്നും അവയ്ക്ക് ഇഷ്ടംപോലെ ആഹാരനീഹാരാദികൾ ഉണ്ടെന്നും ഞാൻ പ്രതീക്ഷിക്കുന്നു. എൻെറ മകൻ അങ്ങയുടെ വീട്ടിൽ സുഖമായി കഴിയുന്നുവല്ലോ? വിജ്ഞാനികൾ പറയുന്നത് ധർമ്മം ഐശ്വര്യം സന്തോഷം ഇവ ശരിയായി ആസ്വദിക്കണമെങ്കിൽ അവ തങ്ങളുടെ സ്നേഹിതരുമായി പങ്കുവെക്കണമെന്നാണ്. എന്നാൽ ദു:ഖം അങ്ങിനെ പങ്കിടാനുള്ളതല്ല. അതിനാൽ ബന്ധുമിത്രാദികളും സുഖസന്തോഷങ്ങളും വളരെ പ്രധാനമത്രെ.” ഇതിനു മറുപടിയെന്നോണം നന്ദൻ പറഞ്ഞു. “അങ്ങയുടെ മക്കളെ പലരേയും കംസൻ വധിച്ചു എന്നെനിക്കറിയാം. അങ്ങയുടെ മകളേയും കംസൻ കൊണ്ടുപോയി. എന്നാൽ ഇതെല്ലാം അദൃഷ്ടമായതും മുജ്ജൻമകർമ്മഫലഹേതുവുമത്രെ. ഇതറിയുന്നവൻ ദു:ഖിക്കുന്നില്ല.”

വസുദേവൻ നന്ദനെ വൃന്ദാവനത്തിലേക്ക് പെട്ടെന്നുതന്നെ തിരിച്ചു പോവാൻ പ്രേരിപ്പിച്ചു. വൃന്ദാവനത്തിലേതോ ആപത്തു വരാൻ പോവുന്നതിൻെറ ഒരു സൂചന വസുദേവന് തോന്നിയിരുന്നു. നന്ദൻ മഥുര വിട്ട് അതിവേഗം ഗോകുലത്തിലേക്ക് തിരിച്ചു.

*അദൃഷ്ടം എന്നതിന് പൂർവ്വ കർമ്മഫലം എന്നാണിവിടെ അർത്ഥം. കർമ്മം വിധി ഭാഗ്യം എന്നും പറയാം. കാണപ്പെടാത്തത് എന്നാണ് അക്ഷരാർത്ഥം.*